## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4091 — 21.07.2015-ലെ മറുപടിക്ക്

### അന്യസംസ്ഥാനത്തു നിന്നെത്തുന്ന പാലിന്റെ ഗുണനിലവാരം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.തിലോത്തമൻ : | | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) അന്യസംസ്ഥാനത്തു നിന്നും വിവിധ പേരുകളിലെത്തുന്ന പാലാണ് പലഭക്ഷണ ശാലകളിലും ഉപയോഗിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ക്ഷീരവികസന വകുപ്പ് എന്തെങ്കിലും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; | (എ) | ഉണ്ട്. മാർക്കറ്റിൽ ലഭ്യമാകുന്ന എല്ലാ ബ്രാൻഡ് പാലിന്റെയും സാമ്പിൾ പാൽ വില്പന കേന്ദ്രങ്ങളിൽ നിന്ന് ശേഖരിച്ച് 14 ക്വാളിറ്റി കൺട്രോൾ ലാബിലും കൂടാതെ, സ്റ്റേറ്റ് ഡയറി ലാബിലും പരിശോധിച്ച് റിപ്പോർട്ട് ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നല്കി വരുന്നു. ഗുണനിലവാരം കുറഞ്ഞതോ മായം കലർന്നതോ ആയ പാൽ കണ്ടെത്തിയാൽ നിയമനടപടികൾ സ്വീകരിക്കുവാൻ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006 പ്രകാരം ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് ആണ് അധികാരം. |
| (ബി) അന്യസംസ്ഥാനത്തു നിന്നും വിവിധ പേരുകളിലെത്തുന്ന പാൽ സർക്കാർ അനുമതിയോടെയും ക്ഷീരവികസന വകുപ്പിന്റെ അംഗീകാരത്തോടെയുമാണോ ഹോട്ടലുകളിലും മറ്റ് ഭക്ഷണശാലകളിലും ഉപയോഗിക്കപ്പെടുന്നതെന്ന് വിശദമാക്കുമോ; | (ബി) | വിവിധ പേരുകളിലെത്തുന്ന പാൽ ഹോട്ടലുകളിൽ ഉപയോഗിക്കുന്നതിന് ക്ഷീരവികസന വകുപ്പിന്റെ അനുമതിയോ അംഗീകാരമോ ആവശ്യമില്ല. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006 പ്രകാരം ഭക്ഷ്യവസ്തുക്കളുടെ സംഭരണം, വിതരണം, ഗുണനിലവാരം എന്നിവ ഉറപ്പാക്കേണ്ടത് ഭക്ഷ്യസുരക്ഷാ വകുപ്പാണ്. |
| (സി) ഗുണനിലവാരം ഇല്ലാത്ത പാൽ സംസ്ഥാനത്ത് ഉപയോഗിക്കപ്പെടാതിരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?. | (സി) | ക്ഷീരവികസന വകുപ്പിൽ 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, സ്റ്റേറ്റ് ഡയറി ലാബിലും, ജില്ലകളിൽ ലഭ്യമാകുന്ന എല്ലാ ബ്രാൻഡ് പാൽ സാമ്പിളുകളും ശേഖരിച്ച് പരിശോധിച്ച് ഗുണനിലവാരം കണ്ടെത്തുന്നു. ജില്ലകളിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ട് കൺസോളിഡേറ്റ് ചെയ്ത് ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് സമർപ്പിക്കുന്നു. തുടർനട- |

പടികളും നിയമനടപടികളും സ്വീകരിക്കേണ്ടത് ഫുഡ് സേഫ്റ്റി കമ്മീഷണർ ആണ്. ക്വാളിറ്റി കൺട്രോൾ ഓഫീസർ ഉപഭോക്തൃ ബോധവല്ക്കരണ പരിപാടി സംഘടിപ്പിച്ചു വരുന്നുണ്ട്. ഓണക്കാലത്ത് ജില്ലാതലത്തിൽ ഇൻഫർമേഷൻ സെന്റർ സ്ഥാപിച്ച് പാലിന്റെ ഗുണമേന്മ ജനങ്ങളെ ബോധ്യപ്പെടുത്താറുണ്ട്. കൂടാതെ, ലഘുലേഖകൾ, ചർച്ചാക്ലാസ്സുകൾ എന്നിവയും നടത്തിവരുന്നു.

മിൽമ ഡയറികളിൽ പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമായ ശേഷമാണ് സ്വീകരിക്കുന്നത്. കേരളത്തിലെ ക്ഷീരസംഘങ്ങളിൽ നിന്നും സംഭരിക്കുന്ന പാലും സംസ്ഥാനത്തിന് പുറത്തു നിന്നും കൊണ്ടു വരുന്ന പാലും ഇപ്രകാരമുള്ള കർശന ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയ ശേഷമാണ് സ്വീകരിക്കുന്നത്. മാത്രമല്ല പാലിന്റെ ഗുണനിലവാരം കൃത്യമായ ഗുണനിലവാര പരിശോധനയിലൂടെ ഉറപ്പുവരുത്തിയ ശേഷം മാത്രമെ മിൽമ പാൽ വിതരണം ചെയ്യുന്നുള്ളൂ.

സെക്ഷൻ ഓഫീസർ